whom we have the privilege to have in our midst on this occasion. Hon'ble Members, I assure you that I shall try my utmost to fulfil satisfactorily and faithfully my duties as the President of the Council and particularly to safeguard the rights and privileges of this House as their custodian. I am very thankful for the great sentiments expressed by the Diwan and by the Hon'ble Members representing you and I am thankful also for the co-operation that has been promised to me in my work. Yes, it is this co-operation that I look forward to so that with your help, I may be able to discharge my duties without fear or favour (hear, hear) and faithful to the trust that is placed in me. Sir, and the Hon'ble Members, I thank you once more.

(The House rose for lunch at 1-40 p.m. and re-assembled at 2-50 p.m. with the Hon'ble President in the Chair)

5. QUESTIONS AND ANSWERS

JAGGERY SOLD IN FAIR PRICE SHOPS—SHORTAGE IN WEIGHT

291. മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ട് ദയയും മറുപടി പറയുമോ.—

ന്യായവില ഷാപ്പുകളിൽനിന്നു കാർഡുപ്രകാരം കിട്ടുന്ന ശർക്കരയുടെയും പഞ്ചസാരയുടെയും തൂക്കത്തിൽ കുറവുണ്ടെന്നുള്ള പത്രറിപ്പോർട്ടുകൾ ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ.

ഇന്ന പത്രമെന്നോ ഇന്ന തീയ്യതിയിലത്തെ റിപ്പോർട്ടെന്നോ കാണിക്കാതെ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

OVERLOADING OF PASSENGERS IN SERVICE BUSES

292. Mr. M. K. Raja (*Mulakunnathukavu*): Will Government be pleased to state.—

(*a*) what measures, if any, have the Traffic Department been taking during the last few weeks to prevent overloading of the public passenger buses;

(*b*) whether it has been brought to the notice of the Government that great inconvenience is being caused to the public by the inability of the present services to handle the passenger traffic on the various routes;

(*c*) what action has been taken to mitigate this inconvenience?

Rao Bahadur T. K. Nayar (*Minister for Public Health*):

(*a*) All the bus owners, drivers and conductors were given a final warning that very severe action will be taken against them if detected for overloads. Commissioner of Police himself paid surprise checks and detected a few cases. Prosecutions were ordered and the officers were instructed to press for deterrent sentences by Courts.

(*b*) Government are aware of the fact that there is some inconvenience on certain routes.

(*c*) All possible action has been taken.

Mr. M. K. Raja *(Mulakunnathukavu):* With regard to answer to sub-division (c), may I have an idea of the nature of all the "possible action" that has been taken by the Government.

Rao Bahadur T. K. Nayar *(Minister for Public Health):* In several routes additional buses have been put, some buses were allowed to have more number of trips. Additional buses were provided; additional trips also were allowed.

Mr. M. K. Raja *(Mulakunnathukavu):* May I know whether the Government is satisfied that the congestion in the trafic has been removed by the action which has been referred to here?

Rao Bahadur T. K. Nayar *(Minister for Public Health):* In some places even now I understand there is some congestion and that question is being looked into.

Mr. M. K. Raja *(Mulakunnathukavu):* May I know if the Government is of opinion that the inability of the present buses to handle all the trafic in the respective routes is partly but directly due to the stringency of the measures regarding overloading which the Government have undertaken recently?

LIBRARY ARCHIVES Kerala Legislative Assembly

Rao Bahadur T. K. Nayar *(Minister for Public Health):* I hope the Hon'ble Member does not mean by that that the Government should connive at overloading of buses.

Mr. M. K. Raja *(Mulakunnthukavu):* I am only asking whether it is not a fact.

Rao Bahadur T. K. Nayar *(Minister for Public Health):* May be to some extent.

Mr. M. K. Raja *(Mulakunnathukavu):* Were not 'standing passengers' being allowed in passenger buses?

Rao Bahadur T. K. Nayar *(Minister for Public Health):* I do not think that the accommodation provided in our buses allows such things. In Madras and other places I understand it is being allowed,but the seating accomodation is arranged in such a way that in the passage some passangers can stand. But here, there is no such arrangement.

Mr. M. K. Raja *(Mulakunnathukavu):* Are we to understand that there was such a rule and it is suspended now.

Rao Bahadur T. K. Nayar *(Minister for Public Health):* There was no such rule. Overloading was being connived at to some extent, but now due to the strict application of the rule, there is some difficulty.

മിസ്റ്റർ പി. മാണി : കഴെ മുമ്പ സീറ്റിംഗ് കപ്പാസിറ്റി വിട്ട കൂടുതൽ പാസഞ്ചേഴ്സിനെ കയറ്റുവാൻ അനുവദിച്ചിട്ടുണ്ടായിരുന്നില്ലേ ?

റാവുബഹദൂർ ടി. കെ. നായർ : അപൂർവ്വം ചില സന്ദർഭങ്ങളിൽ അങ്ങിനെ ചെയ്തിട്ടുണ്ടെങ്കിലും ആ രീതി എന്നും ബാധകമാക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. മാണി : ഡ ഡ + ന എന്നൊക്കെ ചില ബസ്സുകളിന്മേൽ കണ്ടിരുന്നതു കുറെകാലമായിട്ട നിറുത്തിയതു് അറിയാമോ ?

റാവുബഹദൂർ ടി. കെ. നായർ : അതു് അഞ്ചാളുകൾക്കു് ഇരിക്കാവുന്ന സീറ്റിൽ ആറാളുകൾക്കു് ഇരിക്കുവാനുള്ള അനുവാദം കൊടുത്തിട്ടുണ്ടായിരുന്നു. ജനങ്ങളുടെ സൌകര്യത്തിനു വേണ്ടിയാണു് അങ്ങിനെ ചെയ്തതു്.

മിസ്റ്റർ പി. മാണി : ഫുട്ട്ഹോഡിന്മേൽകൂടി നില്ക്കുവാനുള്ള അനുവാദത്തോടു കൂടിയാണോ എക്സ്ട്രാ പാസഞ്ചേഴ്സിനെ കയറ്റുവാൻ allow ചെയ്തിട്ടുള്ളതു് ?

റാവുബഹദൂർ ടി. കെ നായർ : അതു് ഇപ്പോൾ അനുവദിച്ചിരിക്കുന്നതു് എന്നു പറയണം മെങ്കിൽ കടലാസ്സു കണ്ടാൽ മാത്രമേ നിവൃത്തിയുള്ള.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : അപ്പോൾ ഗവമ്മെണ്ടിന്റെ നില അധികം ആളുകളെ കയറ്റി കൊണ്ടുപോകണമെന്നുള്ളതോ, അതോ അതു കുറക്കണമെന്നുള്ളതോ ?

റാവുബഹദൂർ ടി. കെ. നായർ : യാത്രക്കാരെ കൂടുതൽ അസൌകര്യം കൂടാതേയും, അപകടം കൂടാതേയും കൊണ്ടുപോകണമെന്നുള്ളതാണു് ഗവമ്മെണ്ടിന്റെ ഉദ്ദേശം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : അഞ്ചാളുകൾ ഇരിക്കുന്ന സീറ്റിൽ ആറാളെ കയറ്റികൊണ്ടുപോവുകയെന്നു വെച്ചാൽ അതു് അസ്വാസ്ഥ്യമായിട്ടുള്ള ഒരു സംഗതിയല്ലെ ?

റാവുബഹദൂർ ടി. കെ. നായർ : കുറച്ചൊക്കെ അസ്വസ്ഥതയുണ്ടാകും.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : അങ്ങിനെ കൂടുതൽ ആളുകളെ കയറ്റുവാൻ അനുവദിച്ചിരുന്നുവോ ?

റാവുബഹദൂർ ടി. കെ. നായർ : ഉവ്വു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഡ ഠ ആളുകൾക്കു സീറ്റിംഗ് കപ്പാസിറ്റിയുള്ള ബസ്സിൽ എത്ര ആളുകളെ കൂടുതൽ കയറ്റാം ?

റാവുബഹദൂർ ടി. കെ. നായർ : ചില ബസ്സുകൾക്കു സീറ്റിംഗ് കപ്പാസിറ്റി കൂടുതലുണ്ടാകും. അതിനുള്ള കാരണം ചില ബസ്സുകളുടെ ബോഡി പണിയുമ്പോൾ ഉണ്ടാകുന്ന സൌകര്യമാണു്. അങ്ങിനെയുള്ള ബസ്സുകളിൽ രണ്ടോ, മൂന്നോ ആളുകൾ കൂടുതൽ കയറിയാലും അതുകൊണ്ടു് ബുദ്ധിമുട്ടുണ്ടാവുകയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഇത്തരം ബസ്സുകളിൽ കയറുവാൻ അനുവദിച്ചിട്ടുള്ള ആളുകൾതന്നെ കിട്ടാതെ സീറ്റുകൾ മുഴുവാക്കിയിട്ടു ബസ്സുകൾ ഓടുന്നതു് ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ : ചില ലൈനുകളിൽ യാത്രക്കാർ കുറവായിട്ടും, ചില ലൈനുകളിൽ യാത്രക്കാർ ധാരാളമായിട്ടും കാണുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ആളുകൾ അധികവും, ബസ്സുകൾ കുറവും ആയിട്ടുള്ള ദിക്കുകളിൽ അധികം ആളുകളെ വഹിച്ചുകൊണ്ടുപോകത്തക്കവണ്ണം ബസ്സുകൾ കൂട്ടത്തലായിട്ട് ഏർപ്പാട് ചെയ്തിട്ടുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ : അങ്ങിനെയുള്ള ചില ലൈനുകളിൽ ബസ്സുകൾ കൂട്ടുകയും, ട്രിപ്പ് കൂട്ടുകയും ചെയ്തിട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ഇതുകൊണ്ടു യാത്രക്കാർക്ക് പറയത്തക്ക അസൌകര്യങ്ങളില്ലെന്നാണോ ഗവൺമെണ്ടിന്റെ വിചാരം ?

റാവുബഹദൂർ ടി. കെ. നായർ : യാത്രക്കാർക്ക് അസൌകര്യമുണ്ടെന്നു് ആക്ഷേപമുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ആ ആക്ഷേപം ഇല്ലാതാക്കുവാനായിട്ടു വല്ലതും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ : അതിനെപ്പറ്റി ആവുന്നതും ചെയ്തിട്ടുണ്ട്; ഇപ്പോഴും ചെയ്യുന്നുണ്ട്; ഇനിയും ചെയ്യുവാൻ സന്നദ്ധമാണ്.

മിസ്റ്റർ പി. മാണി : വളരെ അത്യാവശ്യമായിട്ടുള്ള സ്ഥലങ്ങളിൽ ബസ്സുകൾ കൂടുതൽ അനുവദിക്കണമെന്നു് ആവശ്യപ്പെട്ടിട്ടും കൂടുതൽ അനുവദിക്കാത്തതിനെപ്പറ്റി ഗവൺമെണ്ടിനു് അറിയാമോ ?

റാവുബഹദൂർ ടി. കെ. നായർ : അങ്ങിനെയുള്ള ആവലാതികൾ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ട്രാൻസ്പോർട്ട് അതോറിറ്റി ഇതിനെപ്പറ്റി ഒരു പ്രതിഷേധപ്രമേയം പാസ്സാക്കിയിട്ടുള്ളതായി അറിയാമോ ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ എം. കെ. രാജാ: ചില ബസ്സുടമസ്ഥന്മാർക്ക് വേണ്ടി ഒരു കുത്തകാവകാശം സൃഷ്ടിക്കുവാൻ ഇടയാവുകയല്ലെ ഇതിന്റെ ഫലം ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെയല്ല. ഒരു ലൈനിൽ ഒരു ബസ്സുടമസ്ഥന്റെ മൂന്നു നാലു ബസ്സുകൾ ഓടിക്കൊണ്ടിരിക്കുമ്പോൾ ഒരു ബസ്സുകൂടി കൂടുതൽ അനുവദിച്ചാൽ വളരെക്കാലമായി ഓടിക്കൊണ്ടിരുന്ന ആ ബസ്സുടമസ്ഥനു് ഒരു പ്രിഫറൻസ്സു കൊടുക്കണമെന്നുള്ളതുമാത്രമാണു്.

മിസ്റ്റർ പി. മാണി: ഫ്രീറ്റ് ഓണേഴ്സ് സിസ്റ്റം പാടില്ലായെന്നു് ഇവിടെ ഒരു പ്രമേയം പാസ്സാക്കീട്ടുണ്ടെങ്കിലും ഇതു് അതിനു ഒരു പ്രേരകമായിട്ട തീരുകയില്ലേ ?

റാവുബഹദൂർ ടി. കെ. നായർ: ഇങ്ങിനെ ചെയ്യുന്നതുകൊണ്ടു് ഫ്രീറ്റ്ഓണേഴ്സ് സിസ്റ്റം പാടില്ലായെന്നുള്ള തത്വം ഗവൺമെണ്ടു് അംഗീകരിച്ചിട്ടില്ലെന്നു വരികയില്ല.

മിസ്റ്റർ എം. കെ. രാജാ: ഗവൺമെൻറിന്റെ നിർദ്ദേശം ട്രാഫിക്ക്ബോർഡ് സമീകരിക്കുകയാണെങ്കിൽ അതു് ഇന്നത്തെ കുത്തക സമ്പ്രദായത്തെ കൂടുതൽ ബലപ്പെടുത്തുവാനല്ലെ സഹായിക്കുക ?

റാവുബഹദൂർ ടി. കെ. നായർ: ട്രാഫിക്ക് ബോർഡിന്റെ ഇഷ്ടപ്രകാരം ചെയ്യുവാനുള്ള അധികാരം കൊടുത്തിട്ടുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഇതിനെപ്പറ്റി എന്തെങ്കിലും ഒരു പ്രതിഷേധപ്രമേയം പാസ്സാക്കീട്ടുള്ളതായി അറിയാമോ ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ യാതൊരു പ്രതിഷേധപ്രമേയവും ഗവൺമെണ്ടിലേക്ക് അയച്ചു കിട്ടിയിട്ടില്ല.

മിസ്റ്റർ എം. കെ. രാജാ: ബസ്സുകളുടെ അഭാവത്താൽ യാത്രക്കാർക്ക് അസൌകര്യമുണ്ടെന്നു മന്ത്രി അവർകൾതന്നെ സമ്മതിച്ചിട്ടുണ്ട്. ഈ നിർദ്ദേശംകൊണ്ടു് യാത്രക്കാർക്ക് കൂടുതൽ ബുദ്ധിമുട്ടാണു് ഉണ്ടാകുന്നതു് എന്നുള്ളതു ഗവൺമെണ്ടിനറിയാമോ ?

റാവുബഹദൂർ ടി. കെ. നായർ: എന്റെ അറിവിൽപെട്ടിടത്തോളം ഇതുകൊണ്ടു് യാത്രക്കാർക്ക് അസൌകര്യമൊന്നുമുണ്ടായിട്ടില്ല. ഇങ്ങനെ ഒരു സജഷൻ കൊടുത്തിട്ടുണ്ടെന്നുമാത്രമെയുള്ളൂ. അതിനെപ്പറ്റി വേണ്ടതു ചെയ്യാൻ ട്രാൻസ്പോർട്ട് അതോറിറ്റിക്കു് അധികാരമുണ്ടു്. ഇതിനെപ്പറ്റി എന്റെ അഭിപ്രായം ഞാനുപറയുകയാണെങ്കിൽ ഹെൽ

LIBRARY ARCHIVES Kerala Legislative Assembly

ത്തി കോമ്പറിഷൻ വേണമെന്നല്ലാതെ അൺ ഹെൽത്തി കോമ്പറിഷൻ വേണമെന്നു് എനിക്കഭിപ്രായമില്ല.

മിസ്റ്റർ പി. മാണി: ഇതു് സജഷൻ ആണോ, അതോ ഇൻസ്ട്രക്ഷനോ ?

റാവുബഹദൂർ ടി. കെ. നായർ: ഇതു് സജഷനാണു്. ഈവക കാര്യങ്ങൾ തീർച്ചയാക്കുവാൻ ഒരു നോൺ ഒഫീഷ്യൽ കമ്മിറ്റിയുണ്ടു്. ബസ്സുടമസ്ഥന്മാരുടെ ആവലാതി ന്യായമാണെന്നു തോന്നിയതുകൊണ്ടു് അതു് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തിയെന്നമാത്രമെയുള്ളു.

മിസ്റ്റർ പി. മാണി: ഇങ്ങനെ ആവലാതി ബോധിപ്പിക്കുന്നതിനുപകരം ട്രാൻസ്പോർട്ടു് അതോറിട്ടിയുടെ തീർപ്പിന്മേൽ അവർക്കു് അപ്പീൽ ബോധിപ്പിക്കാമായിരുന്നില്ലേ ?

റാവുബഹദൂർ ടി. കെ. നായർ: അപ്പീലിന്മേൽ തീർപ്പുചെയ്യാനുള്ള അവകാശം ഉപയോഗപ്പെടുത്താതെയിരിക്കണമെന്നു വിചാരിച്ചാണു് ഇങ്ങനെ ഒരു സജഷൻ അയച്ചതു്.

മിസ്റ്റർ എം. കെ. രാജാ: ബസ്സുയാത്രക്കാരുടെ ആധിക്യംമൂലം ദൂരയാത്രക്കാരെയല്ലാതെ ഇടക്കു ഇറങ്ങാനുള്ളവർക്കു് യാത്രചെയ്യാനേ തരപ്പെടാറില്ലെന്നുള്ള വസ്തുത ഗവർമ്മെണ്ടിനറിയാമോ ? ഈ കാര്യത്തിൽ ഗവർമ്മെണ്ടു് വേണ്ടശ്രദ്ധ ചെലുത്തുമോ എന്നാണറിയാനുള്ളതു്.

റാവുബഹദൂർ ടി. കെ. നായർ: ഇതിൽ ഗവർമ്മെണ്ടല്ല ശ്രദ്ധ ചെലുത്തേണ്ടതു്. ഈ വിവരങ്ങൾ മുഴുവൻ ട്രാൻസ്പോർട്ടു് അതോറിട്ടിക്കു് അയച്ചുകൊടുക്കുകയാണു് വേണ്ടതു്.

LAND ACQUISITION FOR COLLEGE IN MATTANCHERI

293. Mr. L. M. Pylee (*Latin Christians-Ernakulam*): Will Government be pleased to state.—

(*a*) whether lands are going to be acquired by them for the purpose of a proposed college in Mattacheri;

(*b*) if so, the extent of the area proposed to be acquired;

(*c*) the number of houses in the area;

(*d*) the approximate number of persons that will be involved in the eviction;

(*e*) whether these people are mostly labourers or of the well-to-do classes;

(*f*) whether any alternative sites close by and sparsely populated are not available for the purpose; and

(*g*) what arrangements Government will make to house the evicted people ?

Mr. C. R. Iyyunni (*Minister for Revenue*):

(*a*) Yes.

(*b*) 14·96 acres.

(*c*) 101.

(*d*) 500 approximately.

(*e*) Mostly labourers.

(*f*) No.

(*g*) Government are considering the question of providing alternative house sites not far away from this site to the homeless Kudikidappu tenants.

ANTI-CORRUPTION DRIVE

294. Mr. K. Balakrishna Menon (*Cheruthuruthi*): Will Government be pleased to state.—

(*a*) if they are aware of the orders issued by the Government of Madras regarding Anti-corruption Drive;

(*b*) if so, why they have not introduced the same here?

Rao Sahib A. Madhava Prabhu (*Chief Secretary to Government*):

(*a*) Yes. The orders of the Madras Government on the subject have just been obtained.

(*b*) Government thought that the system introduced here will be more suitable.

BOYS' HIGH SCHOOL, TRIPPUNITTURA—ABSENCE OF TEACHERS AND NON-AVAILABILITY OF FURNITURE

295. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly